# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 31 — 13/01/2021 ലെ മറുപടിയ്ക്ക്

## ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

**ചോദ്യം** — **ഉത്തരം**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ
ശ്രീ.പി.കെ.അബ്ദുറബ്ബ്
ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.അബ്ദുൽ ഹമീദ് പി.

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ) | ട്രഷറിയിൽ ഉപയോഗിച്ച് കൊണ്ടിരിക്കുന്ന സോഫ്റ്റ് വെയറിലെ പഴുതുകൾ ഉപയോഗിച്ച് ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | കണ്ടെത്തിയിട്ടില്ല. വകുപ്പിൽ നടപ്പാക്കിയിട്ടുള്ള IFMS സംവിധാനത്തിന്റെ ഭാഗമായി കേന്ദ്ര ഏജൻസിയായ NIC തയ്യാറാക്കിയിട്ടുള്ള വിവിധ മൊഡ്യൂളുകളിൽ ഏതെങ്കിലും തരത്തിലുള്ള ന്യൂനതകൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് യഥാസമയം തന്നെ NIC അധികൃതർക്ക് റിപ്പോർട്ട് ചെയ്ത് പരിഹരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ടെസ്റ്റ് റണ്ണും സെക്യൂരിറ്റി ഓഡിറ്റും നടത്തുകയും കണ്ടെത്തുന്ന ന്യൂനതകൾ പരിഹരിച്ചു വരികയും ചെയ്തിട്ടുണ്ട്. സോഫ്റ്റ് വെയറിലുണ്ടാകാൻ സാധ്യതയുള്ള ഒട്ടുമിക്ക പഴുതുകളും അടച്ചുകൊണ്ടാണ് ട്രഷറി സോഫ്റ്റ് വെയർ പ്രവർത്തന സജ്ജമാക്കിയിട്ടുള്ളത്. |
| ബി) | സംസ്ഥാനത്തെ ഒരു ട്രഷറിയിൽ നിന്നും 2.5 കോടി രൂപ വെട്ടിപ്പ് നടത്തിയ കേസിൽ വിജിലൻസ് അന്വേഷണം വേണ്ടെന്ന് തീരുമാനം എടുത്തിട്ടുണ്ടോ; | തിരുവനന്തപുരം വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടില്ല. പ്രസ്തുത കേസിൽ ക്രിമിനൽ കേസും വകുപ്പുതല നടപടിയും ഉണ്ട്. |

| | | |
|---|---|---|
| (സി) | ട്രഷറികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | വഞ്ചിയൂർ അഡീഷണൽ സബ് ട്രഷറിയിൽ നടന്ന ക്രമക്കേടിന്റെ പശ്ചാത്തലത്തിൽ ട്രഷറിയിടപാടുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിലേയ്ക്കായി, ബിൽ/ചെക്ക് സ്ക്രൂട്ടിണി ലെവലിലോ പാസ്സാക്കിയതിനുശേഷമോ ക്യാൻസൽ ചെയ്യുന്നതിനുള്ള സംവിധാനം ട്രഷറി ആപ്ലിക്കേഷൻ സോഫ്റ്റ് വെയറിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ജീവനക്കാർ വിരമിച്ചാലോ, ലീവിൽ പ്രവേശിച്ചാലോ, സസ്പെൻഷനിലായാലോ അവരുടെ യൂസർ ഐ.ഡി യും പാസ്സ് വേർഡും സ്വയം നിർജ്ജീവമാകുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട് . ജീവനക്കാരുടെ വ്യക്തിഗത പാസ്സ് വേർഡിനൊപ്പം മൊബൈൽ / ഇ-മെയിൽ മുഖാന്തരം ഡെയിലി പാസ്സ് വേർഡ് കൂടി ലഭ്യമാക്കി ഇടപാടിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട് . ഇടപാടുകൾ നടത്തുന്ന ട്രഷറി ജീവനക്കാരുടെ അടിസ്ഥാന ഔദ്യോഗിക രേഖകൾ കൃത്യമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ആയത് സ്പാർക്കുമായി സംയോജിപ്പിച്ചിട്ടുണ്ട് . കൂടാതെ ട്രഷറി സോഫ്റ്റ് വെയറിന്റെ സെക്യൂരിറ്റി ഓഡിറ്റ് നടത്തുന്നതിനും ട്രഷറികളിലെ ക്രമക്കേടുകൾ തടയുന്നതിനായി വകുപ്പുതല പരിശോധന ശക്തിപ്പെടുത്തുന്നതിനും ട്രഷറി സോഫ്റ്റ് വെയറിൽ അനിവാര്യമായ ക്രമീകരണങ്ങൾ കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**